**നിയമസഭകൾക്കുള്ളിൽ ജനകീയസമരങ്ങൾ ഉയർത്തുന്ന ആവശ്യങ്ങളും ആശയങ്ങളും എത്തിച്ചു കൊണ്ട് നിയമനിർമ്മാണത്തെ ജനകീയമാക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യത്തിന്റെ (എൻ.എ.പി.എം) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ജനകീയ നിയമസഭയുടെ ലക്ഷ്യങ്ങളെയും പദ്ധതികളെയും കുറിച്ച് ജിയോ ജോസ്**

# ജനകീയ നിയമസഭ എന്ത്? എന്തിന്?

**ഇന്ത്യ** ഇന്ന് ഒരു വഴിത്തിരിവിലാണ്. സ്വാതന്ത്ര്യത്തിന്റെ 66-ാം വർഷത്തിലേക്ക് പ്രവേശിക്കുമ്പോഴും ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള സ്വാതന്ത്ര്യവും സമത്വവും സൗമൂഹ്യനീതിയും ഇപ്പോഴും വിദൂരസ്വപ്നമായി അവശേഷിക്കുന്നു. ജനാധിപത്യ വ്യവസ്ഥിതിയിൽ ഭരണകൂടത്തിനുമേൽ ജനങ്ങൾക്ക് പരമാധികാരമുണ്ടെന്ന് ഭരണഘടനയിൽ എഴുതിവെച്ചിട്ടുണ്ടെങ്കിലും ഫലത്തിൽ അത് സാധ്യമാകുന്നില്ല എന്നതാണ് അനുഭവം. എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നത്? ഇവയെല്ലാം നിവൃത്തിയുണ്ടാക്കിത്തരേണ്ട ജനാധിപത്യ സംവിധാനങ്ങളെക്കുറിച്ച്, ഭരണഘടനാസ്ഥാപനങ്ങളെക്കുറിച്ച്, അവയ്ക്ക് സംഭവിച്ചിട്ടുള്ള അപചയങ്ങളെക്കുറിച്ച് ആഴത്തിലുള്ള പരിശോധനയ്ക്ക് സമയമായിരിക്കുന്നു. പരിഹാരമാർഗങ്ങളിലേക്ക് സത്യസന്ധമായ സത്വരശ്രദ്ധയോടുകൂടിയ അന്വേഷണവും കക്ഷിരാഷ്ട്രീയത്തിനതീതമായ രാഷ്ട്രീയബോധവും ആവശ്യമുണ്ട്. മറ്റൊരർത്ഥത്തിൽ ജനകീയ സമരങ്ങളുടെ യഥാർത്ഥവിജയവും പരിഹാരവും ജനകീയ ഇച്ഛയ്ക്കനുസരണമായി ഭരണഘടനാസ്ഥാപനങ്ങളുടെ തീരുമാനങ്ങളും അവയുടെ ജനാധിപത്യവത്കരണവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാണാൻ കഴിയും? ജനകീയ സമരപ്രസ്ഥാനങ്ങൾ ഈ വസ്തുത തിരിച്ചറിഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ നാം നേരിടുന്ന പ്രശ്നങ്ങളെ നൈതികമായും പാരിസ്ഥിതികമായും ലിംഗപരമായും നിർദ്ധാരണം ചെയ്യുമ്പോൾത്തന്നെ അവയെ സംബന്ധിച്ച് തീരുമാനങ്ങൾ കൈക്കൊള്ളുന്ന, നയരൂപീകരണങ്ങൾ നടത്തുന്ന രാഷ്ട്രീയമണ്ഡലത്തിലേക്കും പ്രവേശിക്കാതിരിക്കുക വയ്യ.

ഭൂമി, ജലം, ധാതുഖനിജങ്ങൾ തുടങ്ങിയ പ്രകൃതിവിഭവങ്ങളും ജീവനോപാധികളും തൊഴിലിടങ്ങളും അതിദ്രുതം മലിനീകരിക്കപ്പെടുകയും അന്യാധീനപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നു. അനുയോജ്യമായ വികസനനയം രൂപപ്പെടുത്തുന്നതോടൊപ്പം വികസനാസൂത്രണത്തിലും പ്രകൃതിവിഭവങ്ങളുടെ ഉടമസ്ഥതയിലും വിനിയോഗത്തിലും അവയുമായി ബന്ധപ്പെട്ടു കഴിയുന്ന പ്രാദേശികസമൂഹങ്ങളുടെ പങ്കാളിത്തവും എങ്ങനെ ഉണ്ടാക്കിയെടുക്കാം? എങ്ങനെ ഉറപ്പുവരുത്താം? നാമമാത്ര കർഷകർ, കർഷകതൊഴിലാളികൾ, അസംഘടിതതൊഴിലാളികൾ, കുടിൽവ്യവസായത്തൊഴിലാളികൾ ഇങ്ങനെ രാജ്യത്തെ ഭൂരിഭാഗം വരുന്ന അധ്വാനവർഗം

കൊടിയ ദാരിദ്ര്യത്തിലേക്കും അസമത്വത്തിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നു. ഭരണനിർവ്വഹണരംഗത്ത് അടിസ്ഥാന സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനുള്ള കാലവിളംബവും വർത്തമാനരീതിയിൽ സർക്കാരിന്റെ വിവിധ തലങ്ങളിലുള്ള അഴിമതിയും എങ്ങനെ നിർമ്മാർജ്ജനം ചെയ്യും? തെരഞ്ഞെടുപ്പ് രംഗത്തെ പണാധിപത്യവും ജാതി മത വർഗ്ഗ ശക്തികളുടെ ദുഃസ്വാധീനവും അഴിമതിയും എല്ലാം ചേർന്ന് അത്യന്തം സ്ഫോടനാത്മകമായ സ്ഥിതിവിശേഷങ്ങളിലേക്കാണ് നാം പോകുന്നതെന്ന കാര്യത്തിൽ തർക്കമില്ല. എന്താണിവയ്ക്ക് പരിഹാരം? ആരാണിതിന് പരിഹാരം കാണേണ്ടത്?




പാർലമെന്റ്, നിയമനിർമ്മാണസഭകൾ, ജുഡീഷ്യറി, ഉദ്യോഗസ്ഥ ഭരണനിർവഹണ സംവിധാനങ്ങൾ എന്നിവയുടെ കൊളോണിയൽ പരിമിതികൾക്കും അവയെ നിയന്ത്രിക്കുന്ന രാഷ്ട്രീയപാർട്ടികളുടെ അപചയങ്ങൾക്കും ഇതിൽ മുഖ്യപങ്കുണ്ടെന്ന് കാണാൻ കഴിയും. അതായത് നിലനിൽപ്പിനായി പോരാടുന്ന ജനകീയ സമരപ്രസ്ഥാനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ, പാരിസ്ഥിതിക പ്രതിസന്ധികൾ, സാമൂഹ്യനീതിയുടെ പരമ്പരാഗത സമസ്യകൾ എന്നിവ ജനകീയ മൂല്യബോധത്തിലുണ്ടാക്കുന്ന മാറ്റത്തെ രാഷ്ട്രീയ ഭരണ മണ്ഡലത്തിൽക്കൂടി പരിശോധിക്കാതെ നാം നേരിടുന്ന വെല്ലുവിളികൾക്ക് കാലികമായ പരിഹാരം കാണാൻ കഴിയില്ല എന്ന അനുഭവത്തിലാണ് ജനകീയ പ്രസ്ഥാനങ്ങൾ എത്തിനിൽക്കുന്നത്.

നിയമസഭയ്ക്കുള്ളിൽ ജനകീയ സമരങ്ങൾ ഉയർത്തുന്ന വിഷയങ്ങൾ, ആവശ്യങ്ങൾ, ദീർഘകാല പരിഹാരങ്ങൾ ചർച്ച ചെയ്യപ്പെടണം. അതിനനുസരണമായ നിയമനിർമ്മാണങ്ങൾ അവിടെ നടക്കണം. കാലഹരണപ്പെട്ട കൊളോണിയൽ നിയമങ്ങൾ റദ്ദുചെയ്യണം. ആരോഗ്യകരമായ ജീവിതത്തിന് ഹാനീകരമായ നിയമങ്ങൾ ഭേദഗതി ചെയ്യപ്പെടണം. നിർഭാഗ്യവശാൽ അങ്ങനെ നടക്കുന്നില്ല എന്നുമാത്രമല്ല, ഭൂമി ഏറ്റെടുക്കൽ, പ്രത്യേക സാമ്പത്തിക മേഖല, ഏകജാലക സംവിധാനം തുടങ്ങിയ പല നിയമങ്ങളും ഭരണഘടനയുടെ അന്തഃസത്തയേയും രാജ്യത്തിന്റെയും പരമാധികാരത്തെയും ചോദ്യം ചെയ്യുന്നവയാണ്. അങ്ങിനെവരുമ്പോൾ പാർലമെന്റ്, ജുഡീഷ്യറി, എക്സിക്യൂട്ടീവ് എന്നിവയുടെ ഭരണഘടനാപരമായ അപഭ്രംശങ്ങൾ അതിനിശിതമായി തുറന്നുകാട്ടേണ്ടിവരും.

സർക്കാറിന്റെ സമീപനങ്ങളിലും നിയമനിർമ്മാണങ്ങളിലും നടപടിക്രമങ്ങളിലും സക്രിയമായി ഇടപെടൽ നടത്തുക എന്നതുകൂടി ജനകീയ സമരങ്ങളുടെ ഘടകമായി മാറേണ്ടതുണ്ട് എന്നാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ജനകീയ ചെറുത്തുനിൽപ്പുകൾക്ക് പ്രക്ഷോഭത്തിന്റെ തലം മാത്രമല്ല, സംവാദത്തിന്റെ, പഠനത്തിന്റെ, ഗവേഷണത്തിന്റെ, ആശയവിനിമയത്തിന്റെ, സംഘാടനത്തിന്റെ തലങ്ങൾ കൂടിയുണ്ടെന്നും ആ സാധ്യതകൾ ആരായണമെന്നും ചുരുക്കം.

ഈ ദിശയിലുള്ള ചിന്തകളെ തുടർന്നാണ് പാർലമെന്റിനെ കൂടുതൽ സംവേദനക്ഷമമാക്കുന്നതിനായി ജനസൻസദ് (ജനകീയ പാർലമെന്റ്) ചേരുന്നത് സംബന്ധിച്ച് എൻ.എ.പി.എമ്മിന്റെ ആഭിമുഖ്യത്തിൽ 2009 ജൂലായിൽ ദേശീയതലത്തിൽ ചർച്ചകൾ ആരംഭിക്കുന്നത്. തുടർന്ന് എൻ.എ.പി.എമ്മിന്റെ മുൻകൈയിൽ വിവിധ ജനകീയ പ്രസ്ഥാനങ്ങളുടെ സഹകരണത്തോടെ അൽമോറ, ഭദ്രാവതി, മുംബൈ, നെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ജനസൻസദ് ചേരുകയുണ്ടായി. ഇതിനെ തുടർന്നാണ് 2012 മാർച്ച് 19 മുതൽ 23 വരെ ദൽഹിയിൽ വച്ച് എൻ.എ.പി.എമ്മിന്റെ ആഭിമുഖ്യത്തിൽ വിവിധ സമരസംഘടനകളുടെയും ജനപക്ഷത്ത് നിൽക്കുന്ന ബുദ്ധിജീവികളുടെയും വൈജ്ഞാനിക മേഖലകളിൽ പ്രവർത്തിക്കുന്നവരുടെയും ബദൽ നിർമ്മാണാത്മക പ്രവർത്തനങ്ങൾ ഏർപ്പെടുന്നവരുടെയും സഹകരണത്തോടെ ജനസൻസദ് നടക്കുന്നത്. പാർലമെന്റിനെ നിരാകരിക്കുകയല്ല, അതിനെ പരിപോഷിപ്പിക്കുക എന്നതാണ് ജനസൻസദ് ലക്ഷ്യം വച്ചത്. ജനകീയസമരങ്ങൾ മുന്നോട്ട് വയ്ക്കുന്ന ആവശ്യങ്ങളും ആശയങ്ങളും പാർലമെന്റിന് സമാനമായ രീതിയിൽ, എന്നാൽ വ്യത്യസ്തമായി ജനകീയ പാർലമെന്റിൽ ചർച്ച ചെയ്യപ്പെട്ടു.

ജനകീയ പാർലമെന്റിന്റെ ചുവടുപിടിച്ചാണ് കേരളത്തിലെ ആദ്യത്തെ ജനകീയ നിയമസഭ ജൂലായ് 14, 15 തീയതികളിൽ എൻഎ.പി.എം കേരള ഘടകത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വിവിധ ജനകീയ സമരങ്ങളുടെ പങ്കാളിത്തത്തോടെ തിരുവനന്തപുരത്ത് വച്ച് നടന്നത്. വിവിധ വിഷയങ്ങളിലായി നൂറിലധികം പ്രമേയങ്ങൾ നിയമസഭയിൽ അവതരിപ്പിക്കുകയുണ്ടായി. അവ ക്രോഡീകരിച്ച് ഒരു ജനകീയ മാനിഫെസ്റ്റോ രൂപീകരിച്ച് ഭരണ രാഷ്ട്രീയ നേതൃത്വങ്ങൾക്ക് നൽകാനും പൊതുചർച്ചയ്ക്ക് വിധേയമാക്കാനും തീരുമാനിച്ചിട്ടുണ്ട്.

വഴികൾ അത്ര എളുപ്പമാകില്ലെങ്കിലും പ്രാദേശിക/സ്ഥാനീയ സമര സമൂഹങ്ങളുടെ കൂട്ടായ്മകളെ ഒരുമിപ്പിച്ചുകൊണ്ട് ജനവിരുദ്ധ നയങ്ങളെ തിരുത്തുന്നതരത്തിൽ ഒരു ബദൽ രാഷ്ട്രീയവും ബദൽ വികസന മാർഗ്ഗവും രൂപപ്പെടുത്തുക എന്ന ദൗത്യമാണ് ജനകീയ നിയമസഭ നിർവഹിക്കാൻ ശ്രമിക്കുന്നത്.

*(എൻ.എ.പി.എം ദേശീയ കൺവീനറാണ് ലേഖകൻ)*